# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3791

19.03.2018–ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊളിച്ച കെട്ടിടങ്ങൾ

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി.

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെ ഉപയുക്തമായിട്ടുള്ള (fitness) എത്ര കെട്ടിടങ്ങൾ പൊളിച്ചു എന്ന് വ്യക്തമാക്കുമോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉപയുക്തമായിട്ടുള്ള ചില കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതായി വരുമെങ്കിലും നാളിതുവരെ ഒന്നുംതന്നെ പൊളിച്ചുമാറ്റിയിട്ടില്ല.

(ബി) പ്രസ്തുത യജ്ഞത്തിന്റെ ഭാഗമായി ഉപയുക്തമായിട്ടുള്ള (fitness) കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന്റെ ആവശ്യകത എന്ത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഓരോ സ്കൂളിന്റെയും സാമൂഹികവും പ്രാദേശികവും സാംസ്കാരികവുമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് തയ്യാറാക്കിയിട്ടുള്ള സർക്കാർ അംഗീകൃതമായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായതിനാൽ കൂടുതൽ സൗകര്യപ്രദമായിട്ടുള്ള സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ഉപയുക്തമായിട്ടുള്ള ചില കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടാകുന്നു.

(സി) ഇതിനായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട്

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഉപയുക്തമായിട്ടുള്ള ചില കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതായി വരുന്നുണ്ട്. 09.03.2018-ലെ സ.ഉ.(കൈ) 32/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാതലത്തിൽ എൽ.എസ്.ജി. എൻജിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം അസി.എൻജിനീയർ, വിദ്യാഭ്യാസ വകുപ്പിലെ എ.ഇ.ഒ/ഡി.ഇ.ഒ. എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് നൽകിയും ആയവയുടെ നിലവിലെ മൂല്യം എഴുതി തള്ളുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

(ഡി) ഇത്തരം സമീപനം ഇന്നത്തെ അവസ്ഥയിൽ സംസ്ഥാന ഖജനാവിന് താങ്ങാവുന്നതാണോ എന്ന് പരിശോധിക്കുമോ?

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള നിർമ്മാണപ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെയും എം.പി., എം.എൽ.എ, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ ഉൾപ്പെടുത്തിയുമാണ് നടപ്പിലാക്കുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത വരുന്നില്ല.

സെക്ഷൻ ഓഫീസർ